**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1115** **07-12-2022 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ഭട്ട് റോഡിനെ സംബന്ധിച്ച പഠന റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ഭട്ട് റോഡിൽ കടൽക്കയറ്റം തടയുന്നതിനും പുലിമുട്ട് നിർമ്മാണവുമായി ബന്ധപ്പെട്ടും മദ്രാസ് ഐ.ഐ.ടി. നടത്തിയ പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിന് കാരണം വ്യക്തമാക്കുമോ; | (എ) | കോഴിക്കോട് ഭട്ട് റോഡിൽ കടൽ കയറ്റം തടയുന്നതിനും പുലിമുട്ട് നിർമ്മാണവുമായി ബന്ധപ്പെട്ടും ചെന്നൈ ഐ.ഐറ്റി നടത്തിയ പഠന റിപ്പോർട്ട് ലഭിച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് ഐ.ഐ.റ്റി, ചെന്നൈ ഉദ്യോഗസ്ഥർ സ്ഥലം 19/10/2022-ന് സന്ദർശിക്കുകയും ആവശ്യമായ വിവരങ്ങൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. പുലിമുട്ട് നിർമ്മാണത്തിന്റെ രൂപകല്പന ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി ഐ.ഐ.റ്റി, ചെന്നൈ അറിയിച്ചിട്ടുണ്ട്.കോഴിക്കോട് ഭട്ട് റോഡിൽ കടൽ കയറ്റം തടയുന്നതിനും പുലിമുട്ട് നിർമ്മാണവുമായി ബന്ധപ്പെട്ടും ചെന്നൈ ഐ.ഐറ്റി നടത്തിയ പഠന റിപ്പോർട്ട് ലഭിച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് ഐ.ഐ.റ്റി, ചെന്നൈ ഉദ്യോഗസ്ഥർ സ്ഥലം 19/10/2022-ന് സന്ദർശിക്കുകയും ആവശ്യമായ വിവരങ്ങൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. പുലിമുട്ട് നിർമ്മാണത്തിന്റെ രൂപകല്പന ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി ഐ.ഐ.റ്റി, ചെന്നൈ അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പഠനത്തിനാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതു സംബന്ധിച്ച ഫയലിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ; | (ബി) | പ്രസ്തുത പഠനത്തിനാവശ്യമായ 17.70 ലക്ഷം രൂപയുടെ ഫണ്ട് 09/11/2022.ന് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ അഡ്വാൻസ് തുകയായ 14.16 ലക്ഷം രൂപ ഐ.ഐ.റ്റി ചെന്നൈക്ക് കൈമാറിയിട്ടുണ്ട്. ബാലൻസ് തുകയായ 3.54 ലക്ഷം രൂപ പഠന റിപ്പോർട്ട് ലഭിച്ചതിനു ശേഷം പ്രസ്തുത സ്ഥാപനത്തിനു കൈമാറുന്നതാണ്. |
| (സി) | ഫണ്ട് ലഭ്യമാക്കി പുലിമുട്ട് നിർമ്മാണം ആരംഭിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) | ഐ.ഐ.റ്റി ചെന്നൈ പഠനം നടത്തി പുലിമുട്ടിന്റെ രൂപകല്പന ലഭ്യമായാൽ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകി പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ